**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1231** **06.03.2018 ൽ മറുപടിയ്ക്ക്**

## വൈഗയുടെ അടിസ്ഥാനത്തിൽ രൂപം നൽകിയിട്ടുള്ള കാർഷിക പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ.കെ. ബാബു<br>ശ്രീ.എം. മുകേഷ്<br>ശ്രീ.എസ്.രാജേന്ദ്രൻ | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) കൃഷിയിൽ വരുമാന സൃഷ്ടിക്കായി മൂല്യവർദ്ധനവ് എന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ച വൈഗ നിക്ഷേപക പ്രോത്സാഹന സംഗമവും ശില്പശാലയും മൂല്യവർദ്ധിതോല്പന്ന മേഖലയിൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് രൂപീകരിച്ചത്; | എ) വിവിധ ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് സംരംഭകർക്കായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.<br>പ്രോജക്ടുകൾ ഫൈനലൈസ് ചെയ്യുന്നതിനായി ബാങ്കുകളുടേയും വിദഗ്ധരുടേയും സഹായത്തോടെ പ്രോജക്ട് ക്ലിനിക്കുകൾ സംഘടിപ്പിക്കുക.<br>ഗവേഷണ സ്ഥാപനങ്ങളിൽ ഇൻകുബേഷൻ സെന്ററുകൾ സ്ഥാപിക്കുക, ദേശീയ അന്തർദേശീയ ഗവേഷണ കേന്ദ്രങ്ങളുമായി സഹകരണം ശക്തിപ്പെടുത്തി സാങ്കേതിക വിദ്യ ശാക്തീകരിക്കുക.<br>മൂല്യ വർദ്ധനവിന് ഊന്നൽ നൽകി കർഷകരെ ഗ്രൂപ്പുകളായും ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകളുമായി രൂപീകരിക്കുക.<br>വൈദ്യുതി സബ്സിഡി, ടാക്സ് ഇളവ്, കോമൺ ബ്രാന്റിംഗ് ലൈസൻസ് എന്നിവയ്ക്കായി ഏകജാലക ക്ലിയറൻസ് സർക്കാർ തലത്തിൽ നയം രൂപീകരിക്കുക.<br>എസ്.എഫ്.എ.സി, സമേതി, കൃഷി വകുപ്പിലെ മാർക്കറ്റിംഗ് വിംഗ് എന്നിവ ശാക്തീകരിക്കുക<br>നാളികേരത്തിന്റെ ഉദ്പാദന വർദ്ധനവിനും, മൂല്യവർദ്ധിത സംരംഭകത്വം വർദ്ധപ്പിക്കുന്നതിനുമായി കൃഷി മന്ത്രി ചെയർമാനായി കേന്ദ്ര- സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ, അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി, കർഷക പ്രതിനിധികൾ, ഫാർമർ പ്രൊഡ്യൂസർ കമ്പനി പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി |

കോക്കനട്ട് മിഷൻ രൂപീകിരിക്കുക.
തേൻ, വാഴപ്പഴം, ചെറുധാന്യങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കാർഷികോല്പാദന കമ്മീഷണർ ചെയർമാനായി കോ-ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിക്കുക.

| | |
|---|---|
| ബി) കാർഷിക രംഗത്ത് പ്രവർത്തിക്കുന്ന വിവിധ ഏജൻസികളും ഗവേഷണ സ്ഥാപനങ്ങളും നൂതന സാങ്കേതിക വിദ്യ പകർന്നുനൽകുന്നതിനും നിക്ഷേപ പ്രോത്സാഹനത്തിനും നിർമ്മിതോല്പന്നങ്ങളുടെ വിപണനത്തിനും എന്തെല്ലാം സൗകര്യങ്ങൾ ഒരുക്കുന്നുവെന്ന് വ്യക്തമാക്കാമോ; | ബി) കേരളത്തിൽ നിക്ഷേപ പ്രോത്സാഹനത്തിനും സാങ്കേതിക വിദ്യ കൈമാറ്റം പ്രോത്സാഹിപ്പിക്കുന്നതിനുമായി എസ്.എഫ്.എ.സി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

1. **കേരളത്തിൽ കാർഷികോത്പന്നങ്ങളുടെയും മൂല്യ വർദ്ധനവ് പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി**

2012 മുതൽ 2017 വരെ പ്രവർത്തനം ആരംഭിച്ച സുഗന്ധവ്യഞ്ജനങ്ങൾ ഒഴികെയുള്ള എല്ലാ കാർഷികോത്പന്നങ്ങളുടെയും മൂല്യവർദ്ധനവ് ലക്ഷ്യമിട്ടു കൊണ്ടുള്ള 5 മുതൽ 50 ലക്ഷം രൂപ വരെ പദ്ധതി ചെലവു വരുന്ന പദ്ധതികളാണ് ഇതിൽ പരിഗണിക്കുന്നത്. പദ്ധതിയ്ക്കാവശ്യമായ കെട്ടിട നിർമ്മാണം, യന്ത്ര സാമഗ്രികൾ സ്ഥാപിക്കൽ എന്നിവയ്ക്ക് ചെലവാകുന്ന തുകയുടെ 40% അല്ലെങ്കിൽ 10 ലക്ഷം രൂപ ഇതിൽ ഏതാണോ കുറവ്, ആ തുക എസ് എഫ് എ സി വായ്പാ ബന്ധിത ബാക്ക് എൻഡഡ് സബ്സിഡിയായി നൽകുന്നതാണ്.

**2017-18 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്.**

1. കേരളത്തിലെ ചെറുകിട ഇടത്തരം കാർഷികോല്പന്ന അധിഷ്ഠിത മൂല്യവർദ്ധന സംരംഭങ്ങളുടെ പ്രോത്സാഹന പദ്ധതി.

കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ടുള്ള 25 ലക്ഷം മുതൽ 10 കോടിവരെ ചെലവു വരുന്ന സംരംഭങ്ങളാണ് സാമ്പത്തിക സഹായത്തിനുവേണ്ടി പരിഗണിക്കുന്നത്. കെട്ടിടത്തിനും യന്ത്ര സാമഗ്രികൾക്കും ചെലവാകുന്ന തുകയുടെ 50% പരമാവധി 50 ലക്ഷം രൂപ രണ്ട് ഗഡുക്കളായി വിതരണം ചെയ്യുന്നതാണ്.

2. പ്രോജക്ട് തയ്യാറാക്കുന്നതിനുള്ള ധനസഹായം

പ്രോജക്ടുകൾ തയ്യാറാക്കുന്നതിലേയ്ക്കായി ആകെ പദ്ധതി ചിലവിന്റെ 1% പരമാവധി 50,000/- രൂപ ധനസഹായം നൽകുന്നു. കൂടാതെ പ്രവർത്തന മൂലധനത്തിന്റെ 50% പരമാവധി 5 ലക്ഷം രൂപ യന്ത്രസാമഗ്രികൾ സ്ഥാപിച്ചു കഴിഞ്ഞ് യൂണിറ്റ് പ്രവർത്തനം സജ്ജമാകുന്ന ഘട്ടത്തിൽ നൽകുന്നതാണ്.

3. കേരളത്തിലെ കാർഷികോല്പന്ന അധിഷ്ഠിത സൂക്ഷ്മ തല മൂല്യവർദ്ധന സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി.

കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ടുള്ള 25 ലക്ഷം രൂപയ്ക്ക് താഴെ ചെലവു വരുന്ന പദ്ധതികളാണ് സാമ്പത്തിക സഹായത്തിനു വേണ്ടി സമർപ്പിക്കേണ്ടത്. ആകെ മൂലധന ചിലവിന്റെ 50%, പരമാവധി 10 ലക്ഷം രൂപ എസ്.എഫ്.എ.സി സബ്സിഡിയായി നൽകുന്നു.

4. കേരളത്തിലെ കുടുംബശ്രീ മുഖേന കാർഷികോല്പന്ന അധിഷ്ഠിത സൂക്ഷ്മതല മൂല്യവർദ്ധന സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി

കുടുംബശ്രീ യൂണിറ്റുകളെ അടിസ്ഥാനമാക്കി ബ്ലോക്ക്/ വില്ലേജ് തലത്തിൽ വെളിച്ചെണ്ണ നിർമ്മാണ യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതിയ്ക്കും സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്.

5. നൂതന സാങ്കേതിക വിദ്യക്ക് ധനസഹായം

ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും നൂതന സാങ്കേതിക വിദ്യ കരസ്ഥമാക്കുന്നതിന് സംരംഭകർക്ക് സാങ്കേതിക വിദ്യക്ക് ചെലവാകുന്ന തുകയുടെ 50% പരമാവധി 1 ലക്ഷം രൂപ എസ്.എഫ്.എ.സി ധനസഹായമായി നൽകുന്നു.

| | | | |
|---|---|---|---|
| സി) | വൈഗ 2016 ന്റെയും വൈഗ 2017 ന്റെയും അടിസ്ഥാനത്തിൽ രൂപം നൽകിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | സി) | വൈഗ 2016 ന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1. കേരളത്തിലെ ചെറുകിട ഇടത്തരം കാർഷികോല്പന്ന അധിഷ്ഠിത മൂല്യ വർദ്ധന സംരംഭങ്ങളുടെ പ്രോത്സാഹന പദ്ധതി.<br>2.കേരളത്തിലെ കാർഷികോല്പന്ന അധിഷ്ഠിത സൂക്ഷ്മതല മൂല്യ വർദ്ധന സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി.<br>3. കേരളത്തിലെ കുടുംബശ്രീ മുഖേന കാർഷികോല്പന്ന അധിഷ്ഠിത സൂക്ഷ്മതല മൂല്യ വർദ്ധന സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി.<br>4. നൂതന സാങ്കേതിക വിദ്യയ്ക്ക് ധന സഹായം വൈഗ 2017- ൽ പങ്കെടുത്ത സംരംഭകരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ച് പുതിയ പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

M ayal

സെക്ഷൻ ഓഫീസർ